"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ആകെ 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.147/2025/RD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.510/1998/ആർ.ഡി തീയതി 14.10.1998
2. സ.ഉ.(കൈ) നം.75/2023/ആർ.ഡി. തീയതി 03.04.2023
3. സ.ഉ.(കൈ) നം.196/2023/ആർ.ഡി. തീയതി 17.08.2023
4. സ.ഉ.(കൈ) നം.91/2024/ആർ.ഡി. തീയതി 06.06.2024
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.03.2025 ലെ ഇ8/10404/22 നമ്പർ കത്ത്.

**ഉത്തരവ്**

ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും, കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ചുവടെ ചേർക്കുന്ന 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ 31.03.2025 വരെ ഒരു വർഷത്തേയ്ക്ക് പരാമർശം (4) ലെ ഉത്തരവ് പ്രകാരം തുടർച്ചാനുമതി നൽകിയിരുന്നു.

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി.എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|
| ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതം | - | 16 | 4 | - | - | - | 20 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| റവന്യൂ റിക്കവറി യൂണിറ്റുകൾ – വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 | 5 | - | - | - | 15 |
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 | 42 | - | 28 | 14 | 84 | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

2) കെട്ടിടനിർമ്മാണം ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാൽ കെട്ടിട നികുതി ഈടാക്കേണ്ടതുണ്ടെന്നും, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി വളരെയധികം ജോലികൾ ഉള്ളതിനാലും, റവന്യൂ റിക്കവറി വഴി സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടേണ്ട ബാധ്യത റവന്യൂ റിക്കവറി ഓഫീസുകൾക്കുള്ളതിനാലും സംസ്ഥാനത്തെ കെട്ടിട നികുതി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, റവന്യൂ റിക്കവറി യൂണിറ്റുകളിലെ മേല്പറഞ്ഞ 182 താത്ക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പരാമർശം കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു. വയനാട്, മലപ്പുറം, പാലക്കാട്, കോട്ടയം, തൃശ്ശൂർ ആർ. ആർ. യൂണിറ്റുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നിരവധി അർത്ഥനകൾ ലഭിച്ചുവെന്നതിനാലും, റവന്യൂ റിക്കവറി സംബന്ധിച്ച ജോലികൾ ഏകോപിക്കുന്നതിനായും, ആർ. ആർ. കേസുകൾ കൈകാര്യം ചെയ്തു വരുന്നതിനാലും പ്രസ്തുത ആർ.ആർ. യൂണിറ്റുകളിലെ 15 താത്ക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി അനിവാര്യമാണെന്നും കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിൽ വിവിധ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നുവെന്നും മുൻഗണനാ പ്രാധാന്യമർഹിക്കുന്ന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ നിലവിൽ നടന്നുവരുന്നുവെന്നും ടി ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താത്ക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി അനിവാര്യമാണെന്നും പരാമർശം കത്ത് പ്രകാരം കമ്മീഷണർ അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം തുടർച്ചാനുമതി നൽകിയ മേല്പറഞ്ഞ 2 1 7 താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ രണ്ട് വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക

തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ചുവടെ പറയുന്ന 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി.എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|
| **ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ** - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതം | - | 16 (4x4) | 4 (1x4) | - | - | - | 20 |
| **റവന്യൂ റിക്കവറി യൂണിറ്റുകൾ** – വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 (2x5) | 5 (1x5) | - | - | - | 15 |
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 (1x14) | 42 (3x14) | - | 28 (2x14) | 14 (1x14) | 84 (6x14) | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

4) കൂടാതെ ഭാവിയിൽ തുടർച്ചാനുമതി ആവശ്യമാണെങ്കിൽ ധനകാര്യവർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

5. ധനകാര്യ വകുപ്പ് (29.04.2025 ലെ E-2768272/EXP-D1/147/2024-FIN നമ്പർ റിമാർക്സ് പ്രകാരം)
6. പൊതുഭരണ (എസ്.സി.) വകുപ്പ് (28.05.2025 ലെ ഇനം നമ്പർ..........പ്രകാരം)
7. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് -സൈറ്റിൽ പ്രസിദ്ധീകരണത്തിനായി )
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് ( REV-T2/103/2025-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 31-05-2025 10:45:54

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 28-05-2025

ഫയൽ നം. REV-T2/103/2025/REV. ഇനം നം: 2983

വിഷയം : റവന്യൂ വകുപ്പ് - ജില്ലാ കളക്ട്രേറ്റുകളിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താൽക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ട്രേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താൽക്കാലിക തസ്തികകളും ഉൾപ്പെടെ 217 താൽക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഭാവിയിൽ തുടർച്ചാനുമതി ആവശ്യമാണെങ്കിൽ ധനകാര്യവർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

29/5

29/5

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | REV-T2/103/2025-REV |
| 2 | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3 | വിഷയം | ജില്ലാ കളക്ടറേറ്റുകളിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.05.2025 |
| 5 | (i)ഇത് സാമ്പത്തികബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 20.05.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ആകെ 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 06.06.2024 ലെ സ.ഉ.(കൈ)നം.91/2024/ആർ.ഡി. പ്രകാരം ജില്ലാ കളക്ടറേറ്റുകളിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും, കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ തുടർച്ചാനുമതിയിൽ പ്രവർത്തിച്ചുവരുന്ന ചുവടെ ചേർക്കുന്ന 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ 31.03.2025 വരെ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി അനുവദിച്ചിരുന്നു.

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി. എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|
| ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതം | - | 16 | 4 | - | - | - | 20 |
| റവന്യൂ റിക്കവറി യൂണിറ്റുകൾ - വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 | 5 | - | - | - | 15 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 | 42 | - | 28 | 14 | 84 | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

3) മേല്പറഞ്ഞ 217 താല്ക്കാലിക തസ്തികകളുടെ തുടർച്ചാനുമതിക്കായി ലാൻഡ് റവന്യൂ കമ്മീഷണർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചു. കെട്ടിടനിർമ്മാണം ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാൽ കെട്ടിട നികുതി ഈടാക്കേണ്ടതുണ്ടെന്നും, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി വളരെയധികം ജോലികൾ ഉള്ളതിനാലും, റവന്യൂ റിക്കവറി വഴി സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടേണ്ട ബാധ്യത റവന്യൂ റിക്കവറി ഓഫീസുകൾക്കുള്ളതിനാലും സംസ്ഥാനത്തെ കെട്ടിട നികുതി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, റവന്യൂ റിക്കവറി യൂണിറ്റുകളിലെ മേല്പറഞ്ഞ **182** താത്ക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു. വയനാട്, മലപ്പുറം, പാലക്കാട്, കോട്ടയം, തൃശ്ശൂർ ആർ. ആർ. യൂണിറ്റുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നിരവധി അർത്ഥനകൾ ലഭിച്ചുവരുന്നതിനാലും, റവന്യൂ റിക്കവറി സംബന്ധിച്ച ജോലികൾ ഏകോപിക്കുന്നതിനായും, ആർ. ആർ. കേസുകൾ കൈകാര്യം ചെയ്തു വരുന്നതിനാലും പ്രസ്തുത ആർ.ആർ. യൂണിറ്റുകളിലെ 15 താത്ക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി അനിവാര്യമാണെന്നും കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ആലപ്പുഴ, മലപ്പുറം , കാസറഗോഡ്, കണ്ണൂർ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിൽ വിവിധ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നുവെന്നും മുൻഗണനാ പ്രാധാന്യമർഹിക്കുന്ന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ നിലവിൽ നടന്നുവരുന്നുവെന്നും ടി ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ **20** താത്ക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി അനിവാര്യമാണെന്നും കമ്മീഷണർ അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ 06.06.2024 ലെ ഉത്തരവ് പ്രകാരം തുടർച്ചാനുമതി നൽകിയ മേല്പറഞ്ഞ **217** താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ രണ്ട് വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

4) പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

" 1. 14 ജില്ലകളിലെ ബിൽഡിംഗ് ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, റവന്യൂ റിക്കവറി ഓഫീസുകളിലെ 182 തസ്തികകൾക്ക 01/04/2025 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നല്കുന്നതിനോട് യോജിക്കുന്നു.

2. വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ ആർ.ആർ. യൂണിറ്റുകളിലെ 15 തസ്തികകൾക്ക് 01/04/2025 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നല്കുന്നതിനോട് യോജിക്കുന്നു.

3. ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ നാല് ജില്ലാ കളക്ടറേറ്റുകളിൽ മാത്രം സൃഷ്ടിക്കപ്പെട്ട 20 തസ്തികകൾക്ക് 01/04/2025 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നല്കുന്നതിനോട് യോജിക്കുന്നു.

ഇതിനു ബഹു . ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "

5) ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട വിഷയം

ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ചുവടെ പറയുന്ന 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകാമോ?

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി. എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|
| ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, | - | 16 (4x4) | 4 (1x4) | - | - | - | 20 |

| | | | | | | | |
|---|---|---|---|---|---|---|---|
| കണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതം | | | | | | | |
| റവന്യൂ റിക്കവറി യൂണിറ്റുകൾ - വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 (2x5) | 5 (1x5) | - | - | - | 15 |
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 (1x14) | 42 (3x14) | - | 28 (2x14) | 14 (1x14) | 84 (6x14) | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File Number | REV-T2/103/2025-REV |
| 2. | Department | REVENUE (T) DEPARTMENT |
| 3. | Subject | Continuance Sanction for a total number of 217 temporary posts including 197 temporary posts in the State Election Commission, Building Tax units and Revenue Recovery units in the District Collectorates and 20 temporary posts at the Land Acquisition Units of the District Collectorates in Alappuzha, Malappuram, Kasaragod and Kannur with effect from 01.04.2025 to 31.03.2026 – reg. |
| 4. | Date of Chief Minister order for placing before the Council | 12.05.2025 |
| 5. | (i)Does the case involve financial commitments/implications | Yes |
| | (ii)If the answer to the above is in the affirmative,<br>whether Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8. | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 20.05.2025 |
| 10. | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 24.05.2025 |
| 12. | Name of Minister who approved the Draft Note | Sri. K. Rajan |
| 13. | Date of approval of the Draft Note for the Council by the Minister | 24.05.2025 |
| 14. | Date of submission of fair copies | 26.05.2025 |
| 15. | Date of decision by the Council of Ministers | 28.05.2025 |
| 16. | Number and Date of the G.O./ letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the continuance sanction for a total number of 217 temporary posts, including 197 temporary posts in the State Election Commission, Building Tax Units and Revenue Recovery Units, which are functioning under continuance sanction in all District Collectorates under the control of Land Revenue Department, and also 20 temporary posts at the Land Acquisition Units of the Collectorates in Alappuzha, Malappuram, Kasaragod and Kannur districts from 01.04.2025 to 31.03.2026.

2) As per G.O.(Ms)No.91/2024/RD dtd.06.06.2024 continuance sanction has been granted for one year from 01.04.2024 to 31.03.2025 to following 217 temporary posts including 197 temporary posts in the State Election Commission, Building Tax Units and Revenue Recovery Units and also 20 temporary posts in the Land Acquisition Units of the District Collectorates in Alappuzha, Malappuram, Kasaragod and Kannur.

| Units in District Collectorates | Dy. Tahsildar | Clerk | CA | Typist | Attender | OA | Total |
|---|---|---|---|---|---|---|---|
| Land Acquisition Units one each at Kasaragod, Kannur, Malappuram and Alappuzha | - | 16 | 4 | - | - | - | 20 |
| Revenue Recovery Units – One each at Wayanad, Malappuram, Palakkad, Thrissur and Kottayam | - | 10 | 5 | - | - | - | 15 |

| | | | | | | | |
|---|---|---|---|---|---|---|---|
| State Election Commission, Revenue Recovery, Building Tax unit etc.(14 districts) | 14 | 42 | - | 28 | 14 | 84 | 182 |
| Total | 14 | 68 | 9 | 28 | 14 | 84 | 217 |

3) Subsequently the Land Revenue Commissioner has submitted a proposal seeking continuance sanction for the above mentioned 217 temporary posts. He has opined to convert the temporary posts in the building tax unit, State election commission and Revenue Recovery Units in the State into permanent ones since the building tax has to be collected considering the intensive growth in the field of building constructions, a lot of election related works to be performed inorder to complete the election procedures and enhancing revenue collection due to the Government exchequer through Revenue recovery by Revenue Recovery Offices. He has further stated that continuance sanction is inevitable for the 15 temporary posts in the Revenue Recovery units since many requests were being received during the previous financial year and for coordinating the works with respect to revenue recovery and also such units are entrusted with the duties with respect to Revenue Recovery cases. He has also stated that the land acquisition processes for various projects are going on in the Land Acquisition units at Kasaragod, Kannur, Malappuram and Alappuzha. Various projects including Government priority projects are continuing at various stages as such continuance sanction for the 20 temporary posts in the land acquisition units are also essential. Hence the Land Revenue Commissioner has requested for continuance sanction to the 217 temporary posts, for which continuance sanction was accorded vide Government Order dated 06.06.2024, for a further period of two years with effect from 01.04.2025.

4) The said proposal was recommended and forwarded to the Finance Department and that Department has opined as follows:

" 1. 14 ജില്ലകളിലെ ബിൽഡിംഗ് ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, റവന്യൂ റിക്കവറി ഓഫീസുകളിലെ 182 തസ്തികകൾക്കു 01/04/2025 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നല്കുന്നതിനോട് യോജിക്കുന്നു.

2. വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ ആർ.ആർ. യൂണിറ്റുകളിലെ 15 തസ്തികകൾക്ക് 01/04/2025 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നല്കുന്നതിനോട് യോജിക്കുന്നു.

3. ലാൻഡ് അകിസിഷൻ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ നാല് ജില്ലാ കളക്ടറേറ്റുകളിൽ മാത്രം സൃഷ്ടിക്കപ്പെട്ട 20 തസ്തികകൾക്ക് 01/04/2025 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നല്കുന്നതിനോട് യോജിക്കുന്നു.

ഇതിനു ബഹ . ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "

5) When the file was circulated for taking orders in this regard, the Hon’ble Chief Minister has ordered to place the matter before the Council of Ministers.

## **Point for Decision**

Whether continuance sanction may be accorded to a total number of 217 temporary posts mentioned below including 197 temporary posts in the State Election Commission, Building Tax units and Revenue Recovery units of all District Collectorates and also 20 temporary posts in the Land Acquisition Units of the District Collectorates in Alappuzha, Malappuram, Kasaragod and Kannur with effect from 01.04.2025 to 31.03.2026?

| Units in District Collectorates | Dy. Tahsildar | Clerk | CA | Typist | Attender | OA | Total |
|---|---|---|---|---|---|---|---|
| Land Acquisition Units one each at Kasaragod, Kannur, Malappuram and Alappuzha | - | 16 (4x4) | 4 (1x4) | - | - | - | 20 |

| | | | | | | | |
|---|---|---|---|---|---|---|---|
| Revenue Recovery Units – One each at Wayanad, Malappuram, Palakkad, Thrissur and Kottayam | - | 10 (2x5) | 5 (1x5) | - | - | - | 15 |
| State Election Commission, Revenue Recovery, Building Tax unit etc.(14 districts) | 14 (1x14) | 42 (3x14) | - | 28 (2x14) | 14 (1x14) | 84 (6x14) | 182 |
| Total | 14 | 68 | 9 | 28 | 14 | 84 | 217 |